17586
4/11/16

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ്- ലാന്റ് റവന്യൂ/റവന്യൂ റിക്കവറി പിരിവ്- പ്രത്യേക ഊർജ്ജിതയത്നം- 2016-17- ഉത്തരവ് പുറപ്പെടുവിക്കുന്നു.

## റവന്യൂ (എച്ച്) വകുപ്പ്

സ.ഉ.(എം.എസ്) നം.557/2016/റവ. തിരുവനന്തപുരം, തീയതി: 02.11.2016

പരാമർശം:- 1. 07.04.2008- ലെ സ.ഉ(എം.എസ്) നം. 82/08/റവ നമ്പർ ഉത്തരവ്
2. 19.11.2015 -ലെ സ.ഉ(എം.എസ്) നം. 621/2015/റവ നമ്പർ ഉത്തരവ്
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 4.10.2016-ലെ എൽ.ആർ.(W)3-39028/16 നമ്പർ കത്ത്.

## ഉത്തരവ്

2016-17 സാമ്പത്തിക വർഷത്തെ ലാന്റ് റവന്യൂ/റവന്യൂ റിക്കവറി പിരിവ് ലക്ഷ്യം കൈവരിക്കുന്നതിനായി 2016 നവംബർ 1-ാം തീയതി മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവ് താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി 'റവന്യൂ റിക്കവറി ഊർജ്ജിതയത്ന' കാലയളവായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

1. പ്രസ്തുത കാലയളവിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ തങ്ങളുടെ ജില്ലയിലെ ലാന്റ് റവന്യൂ/റവന്യൂ റിക്കവറി സംബന്ധിച്ച് രണ്ട് ആഴ്ച കൂടുമ്പോൾ അവലോകനം നടത്തേണ്ടതും പിരിവ് സംബന്ധിച്ച് മാസാടിസ്ഥാനത്തിൽ സർക്കാരിന് പുരോഗതി റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.
2. റവന്യൂ റിക്കവറി കേസുകളിൽ സർക്കാർ നൽകിയ സ്റ്റേ ഉത്തരവിലേയും ഗഡുക്കൾ അനുവദിച്ച കേസുകളിലെയും നിബന്ധനകൾ ലംഘിച്ചിട്ടുള്ള കേസുകൾ സംബന്ധിച്ച് യഥാസമയം സർക്കാരിനെ അറിയിക്കേണ്ടതും സ്റ്റേ നീക്കിക്കിട്ടാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
3. അപ്പലേറ്റ് അതോറിറ്റികൾ മുമ്പാകെ പരിഗണനയിലുള്ള കേസുകൾ യഥാ സമയം തീർപ്പുകൽപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.
4. റവന്യൂ റിക്കവറി നടപടികൾക്ക് മേലുള്ള കോടതി സ്റ്റേ ഒഴിവാക്കുന്നതിന് വേണ്ടി എല്ലാ ജില്ലാ കളക്ടർമാരും അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. പ്രസ്തുത കാലയളവിൽ ലാന്റ് റവന്യൂ/റവന്യൂ റിക്കവറി നടത്തിപ്പിന് ആവശ്യമായ വാഹന സൗകര്യമില്ലെങ്കിൽ 07.04.2008 ലെ GO(Ms) 82/08/RD-ാം നമ്പർ ഉത്തരവിന് വിധേയമായി UNICEF ഒഴികെയുള്ള മറ്റു വകുപ്പുകളുടെ വാഹനങ്ങൾ

ഏറ്റെടുക്കുന്നതിനും മറ്റു വകുപ്പുകളുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പി.എച്ച് കുര്യൻ**
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
കൊമേഴ്സ്യൽ ടാക്സ് കമ്മീഷണർ, തിരുവനന്തപുരം.
എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

Sunitha

**സെക്ഷൻ ഓഫീസർ**